# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 2, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

പെട്രോൾ/ഡീസൽ വിലവർദ്ധന

മി. സ്പീക്കർ: സംസ്ഥാനത്ത് പെട്രോൾ/ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്ന അധിക ഇന്ധനനികുതി വേണ്ടെന്ന് വയ്ക്കാത്തതുമൂലം ഉളവായിട്ടുള്ളതായി

പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പെട്രോൾ/ ഡീസൽ വില നിർണ്ണയാധികാരം കമ്പോളത്തിന് വിട്ടുകൊടുത്ത യു.പി.എ. സർക്കാരിന്റെ നിലപാടാണ് ഇപ്പോഴും തുടരുന്നത്. എൻ.ഡി.എ. സർക്കാർ സെസ്സും അഡീഷണൽ സ്പെഷ്യൽ ഡ്യൂട്ടിയെന്ന പേരിലും പുതിയ നികുതികൾ നടപ്പിലാക്കി. കമ്പോളത്തിൽ വില കുറയുമ്പോഴും വില കൂട്ടുന്ന രീതിയാണ് കേന്ദ്രം സ്വീകരിക്കുന്നത്. സംസ്ഥാനം 2018-ൽ നികുതി കുറച്ചതും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നികുതി വർദ്ധിപ്പിച്ചില്ലെന്നതും പ്രധാന വസ്തുതയാണ്. സംസ്ഥാനത്തിന് വീതം വയ്ക്കാൻ സാധിക്കാത്ത തരത്തിൽ നികുതി ഘടനയിൽ മാറ്റം വരുത്തുകയും അവയിൽ അമിതമായ വർദ്ധന വരുത്തുകയും ചെയ്ത കേന്ദ്രനയം പ്രതിഷേധാർഹമാണ്. ഇതിന്മേൽ ആവശ്യമായ നടപടിയുണ്ടാകാൻ സമ്മർദ്ദം ചെലുത്തും.

ശ്രീ. ഷാഫി പറമ്പിൽ: 2014-ൽ പെട്രോൾ വിലയുടെ 63 ശതമാനം അടിസ്ഥാന വിലയും 34 ശതമാനം നികുതിയുമായിരുന്നെങ്കിൽ 2021-ൽ 36 ശതമാനം അടിസ്ഥാന വിലയും 67 ശതമാനം നികുതിയുമായിരിക്കുകയാണ്. ഇപ്പോഴത്തെ ഇന്ധന വിലവർദ്ധനയിലൂടെ നികുതി ഭീകരതയാണ് വെളിവാകുന്നത്. ഒരു ലിറ്റർ പെട്രോളിന് 32.98 രൂപയും ഡീസലിന് 31.83 രൂപയുമാണ് കേന്ദ്ര എക്സൈസ് തീരുവയിനത്തിൽ ഈടാക്കുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോഴും പെട്രോൾ/ഡീസൽ വില ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളെ കൊള്ളയടിക്കുന്ന നിലപാട് പ്രതിഷേധാർഹമാണ്. സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വേണ്ടെന്നുവച്ച് ജനങ്ങൾക്ക് ആശ്വാസം നൽകാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കോവിഡ് പശ്ചാത്തലത്തിൽ പല സംസ്ഥാനങ്ങളും ഇന്ധന നികുതി വർദ്ധിപ്പിച്ചുവെങ്കിലും കേരളം നികുതി വർദ്ധിപ്പിച്ചിട്ടില്ല. യു.പി.എ. സർക്കാർ ഓയിൽ പൂൾ അക്കൗണ്ട് നിർത്തലാക്കിയതും പെട്രോൾ വില നിർണ്ണയാവകാശം എടുത്തുകളഞ്ഞതുമാണ് പെട്രോൾ/ഡീസൽ വില

വർദ്ധനയ്ക്ക് കാരണം. പെട്രോൾ സ്പെഷ്യൽ സെസ്സിൽനിന്ന് സംസ്ഥാനത്തിന് വിഹിതം ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിന്റെ ടി നയങ്ങൾക്കെതിരെ ശക്തമായ അഭിപ്രായം സംസ്ഥാന സർക്കാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി.ജെ.ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

(1) പാചക വാതക വിലവർദ്ധന

ശ്രീ. കെ. വി. സുമേഷ്: പാചക വാതക വിലവർദ്ധന പിൻവലിക്കുന്നതിനും ഗാർഹിക പാചക വാതകത്തിനുള്ള സബ്സിഡി പുനഃസ്ഥാപിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും പാചകവാതകത്തെ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുത്തി വില

കുറയ്ക്കാനാകുമോയെന്ന് പരിശോധിക്കുകയും വേണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്സിഡി നിർത്തലാക്കിയതാണ് പാചക വാതക വില വർദ്ധനയുടെ പ്രധാന കാരണം. ജി.എസ്.ടി. നികുതി ഘടനയിൽ പാചക വാതക നികുതി അഞ്ച് ശതമാനമായി നിലനിർത്തിയെങ്കിലും 2.5% വീതം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കായി മാറിയതിലൂടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. പാചക വാതക വിലവർദ്ധനയ്ക്ക് നികുതി നിരക്കുമായി ബന്ധമില്ല. എൽ.പി.ജി. സിലിണ്ടറുകളുടെ വില കുറയ്ക്കണമെന്നും സബ്സിഡി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ തുടർന്നും നടത്തുന്നതാണ്.

(2) മെഡിക്കൽ പി.ജി കോഴ്സുകളിൽ എസ്.ഇ.ബി.സി സംവരണം

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാനത്ത് മെഡിക്കൽ പി.ജി. കോഴ്സുകളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റ് പി.ജി. കോഴ്സുകളിലും എസ്.ഇ.ബി.സി സംവരണം 30 ശതമാനമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ബിരുദ കോഴ്സുകൾക്ക് മുപ്പത് ശതമാനവും പി.ജി. മെഡിക്കൽ കോഴ്സുകൾക്ക് ഒമ്പത് ശതമാനവും സംവരണമാണ് കഴിഞ്ഞ അദ്ധ്യയന വർഷംവരെ എസ്.ഇ.ബി.സി വിഭാഗത്തിന് നൽകിയിരുന്നത്. ഈ വർഷംമുതൽ പി.ജി മെഡിക്കൽ പ്രവേശനത്തിന് സർവ്വീസ് ക്വാട്ട ഏർപ്പെടുത്തണമെന്ന സുപ്രീംകോടതി ഉത്തരവും എസ്.ഇ.ബി.സി സംവരണം ഉയർത്തണമെന്ന പിന്നാക്ക വിഭാഗ വികസന കമ്മീഷന്റെ ശിപാർശയും പരിഗണിച്ച് പി.ജി. മെഡിക്കൽ, മെഡിക്കൽ, ഡെന്റൽ വിഭാഗങ്ങൾക്ക് എസ്.ഇ.ബി.സി. സംവരണം 27 ശതമാനമായി ഉയർത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റ് പി.ജി. കോഴ്സുകൾക്കും 27 ശതമാനമായി നിശ്ചയിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## III. സബ്മിഷൻ

### (1) ബ്ലഡ് ബാങ്കും കാർഡിയോളജി വിഭാഗവും

ശ്രീ. സി. ആർ. മഹേഷ്: കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ബ്ലഡ് ബാങ്കും കാർഡിയോളജി വിഭാഗവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രതിവർഷം രണ്ടായിരം യൂണിറ്റ് രക്തം ആവശ്യമുള്ള ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ പ്രതിവർഷം 900 യൂണിറ്റ് രക്തമാണ് ആവശ്യമായി വരുന്നത്. ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലാ ആശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(2) വലപ്പാട് കോതകുളം ബീച്ചിൽ മിനി ഹാർബർ

ശ്രീ. സി. സി. മുകുന്ദൻ: വലപ്പാട് കോതകുളം ബീച്ചിൽ മിനി ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): 2013-ൽ ഭരണാനുമതി ലഭിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തെ ഫിഷിംഗ് ഹാർബറും മുനമ്പം, ചേറ്റുവ ഹാർബറുകളും വലപ്പാട് കോതകുളത്തിന് സമീപത്താണ് സ്ഥിതി ചെയ്യുന്നത്. കൂടുതൽ

ഹാർബറുകളുള്ളതിനാലും കടലിന്റെ ഒഴുക്കിന്റെയും ആവാസവ്യവസ്ഥയുടെയും പെട്ടെന്നുള്ള വ്യതിയാനം, ആഗോളതാപനം എന്നിവ കണക്കിലെടുത്ത് നയപരമായ ഒരു തീരുമാനം ആവശ്യമായതിനാലും നിലവിലുള്ള ഹാർബറുകളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തി പുതിയ ഹാർബറുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(3) ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഹീമോഫീലിയ രോഗികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിച്ച് എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ലഭ്യമാക്കാനും രോഗികൾക്കാവശ്യമായ മരുന്നുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ വഴി നൽകാനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന സമാശ്വാസ പദ്ധതിയിലൂടെ ഹീമോഫീലിയ രോഗികൾക്കടക്കം സാമ്പത്തിക സഹായം നൽകിവരുന്നു. അപേക്ഷകരുടെ

എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാൽ സാമ്പത്തികാവസ്ഥ പരിഗണിച്ച് മുൻഗണനാക്രമത്തിൽ ബി.പി.എൽ. വിഭാഗത്തിന് നൽകിയതിനുശേഷം എ.പി.എൽ. കാർക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. 2021 ജൂലൈ വരെയുള്ള കുടിശ്ശിക കൊടുത്തിട്ടുണ്ട്.

(4) ദേശീയ തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ ഫണ്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ: തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയ തുകയിലും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിലും കേന്ദ്ര ഗവൺമെന്റ് കുറവ് വരുത്തിയിട്ടുള്ളതിനാൽ പ്രതിസന്ധി നേരിടുന്ന ഈ മേഖലയ്ക്കാവശ്യമായ ഫണ്ട് അനുവദിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാർ വകകൊള്ളിച്ചിരുന്ന തുകയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ സിംഹഭാഗവും ചെലവഴിച്ചിട്ടുണ്ട്. അടിയന്തരമായി കൂടുതൽ തുക വകയിരുത്താത്ത പക്ഷം തൊഴിലുറപ്പ് പദ്ധതി സ്തംഭനാവസ്ഥയിലാകുമെന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെടുത്തുകയും ജാതി അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന രീതി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(5) ദേശീയപാത സ്ഥലം ഏറ്റെടുക്കലിന് നഷ്ടപരിഹാരം

ശ്രീ. പി. അബ്ദുൽ ഹമീദ്: മലപ്പുറത്തെ ദേശീയപാത സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): മലപ്പുറം ജില്ലയിലെ ദേശീയപാത സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടമാകുന്ന സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ/ യൂണിവേഴ്സിറ്റികൾ എന്നിവയ്ക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം ദേശീയപാത വികസനത്തിനായി 2018-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശപ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി നഷ്ടപരിഹാരമില്ലാതെ കൈമാറണമെന്ന് വ്യവസ്ഥയുള്ളതിനാൽ സംസ്ഥാന സർക്കാരിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഭൂമിയേറ്റെടുക്കുമ്പോൾ തനത് ഫണ്ടുപയോഗിച്ച് വാങ്ങുന്ന ഭൂമിക്ക് മാത്രമേ നഷ്ടപരിഹാരം

അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം ഭൂമി സർക്കാർ ഭൂമിയെന്ന നിർവചനത്തിൽ വരാത്തതിനാൽ അതിലെ ഒഴിക്കുറ് ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകാമോ എന്ന വിഷയം പരിശോധിച്ചുവരികയാണ്.

(6) കാരേറ്റ് തടയണ നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: വാമനപുരം നദിക്ക് കുറുകെ തടയണ നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തുകളിലും സമീപപ്രദേശങ്ങളിലും കിളിമാനൂർ ജലവിതരണ പദ്ധതിയിലൂടെ ശുദ്ധജല വിതരണം നടത്തുന്നതിനാൽ വാമനപുരം നദിയിൽ വേനൽക്കാലത്തുണ്ടാകുന്ന ജലദൗർലഭ്യം പമ്പിംഗിനെ സാരമായി ബാധിക്കുന്നുവെന്നത് വസ്തുതയാണ്. ടി വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ 2019- ൽ നടത്തിയ യോഗത്തിൽ കാരേറ്റ് പാലത്തിന് മുകളിലായി തടയണ നിർമ്മിക്കാൻ പദ്ധതി വിഭാവനം ചെയ്യുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 4.78 ലക്ഷം രൂപ അനുവദിക്കുകയും ഡിസൈൻ തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി.യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അടുത്ത ബഡ്ജറ്റിൽ പ്രഥമ പരിഗണന നൽകി പ്രസ്തുത പ്രോജക്ടിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) <u>വൈദ്യുതി സബ്സ്റ്റേഷന് സ്ഥലം അനുവദിക്കൽ</u>

<u>ശ്രീ. കെ. പ്രേംകുമാർ</u>: കടമ്പഴിപ്പുറത്ത് വൈദ്യുതി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): വൈദ്യുതി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് KSEB ആവശ്യപ്പെട്ട ഭൂമി കടമ്പഴിപ്പുറം വില്ലേജിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ സർവ്വേ നമ്പറിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് നിലവിൽ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും നടക്കുന്നില്ലെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെയും കെട്ടിടങ്ങളുടെയും വില നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

(8) <u>ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്</u>

<u>ശ്രീ. എൻ. കെ. അക്ബർ</u>: ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്

അടിയന്തരമായി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള കരാർ അംഗീകരിച്ച് സ്ഥലം കൈമാറി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക സർവ്വേ നടപടി പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. പുഴയിലെ ജലനിരപ്പ് താഴുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## (9) ഖാദി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ഡി. കെ. മുരളി: ഖാദി വസ്ത്രങ്ങൾക്കുള്ള നൂൽ നെയ്ത്തിനാവശ്യമായ സ്ലൈവർ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളും നെയ്ത്തുതൊഴിലാളികൾക്ക് മിനിമം വേജസും ക്ഷേമനിധി ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കുന്നതിനും തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഖാദി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ട്. റിബേറ്റ്, വരുമാന പൂരക പദ്ധതി പ്രകാരമുള്ള തുക, പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ എല്ലാ

ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യുന്നുണ്ട്. തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി അതാതു മാസം നൽകുന്നതാണ്. പുതിയ ഡിസൈനിലുള്ള ഖാദി വസ്ത്രങ്ങൾ വിപണിയിലെത്തിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഐ.ഐ.ടി. ചെന്നൈ, ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുമായി ചർച്ചകൾ നടത്തിവരികയും ചെയ്യുന്നു. ഖാദി മേഖലയെ ആധുനികവൽക്കരിക്കുന്നതിനായി ലഭിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഖാദി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പ്രത്യേക സഹായമായി 1000 രൂപയും കോവിഡ് രോഗബാധിതരായ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും 2000 രൂപയും ധനസഹായം നൽകിവരുന്നു.

(10) ആലക്കോട് ബാറിലെ തൊഴിലാളി പ്രശ്നം

ശ്രീ. ടി. ഐ. മധുസൂദനൻ: ആലക്കോട് ബാറിലെ തൊഴിലാളികളെ അന്യായമായി പിരിച്ചുവിട്ട സംഭവം അന്വേഷിക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കഴിഞ്ഞ 9 വർഷമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബാർ ഹോട്ടൽ

മുന്നറിയിപ്പുകൂടാതെ അടച്ചുപൂട്ടിയതിനെത്തുടർന്ന് 45 ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുവിഭാഗവുമായി നടത്തിയ അനുരഞ്ജന ചർച്ചയിൽ സ്ഥാപനം വിൽക്കാൻ പോവുകയാണെന്നും തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ചെക്ക് മുഖാന്തരം നൽകിയിട്ടുണ്ടെന്നും സ്ഥാപന മാനേജ്മെന്റ് അറിയിച്ചു. തൊഴിലാളികൾ ചെക്ക് നിരസിക്കുകയും ജോലി തിരികെ ലഭിക്കണമെന്ന ആവശ്യമുന്നയിക്കുകയും ചെയ്തതിനെത്തുടർന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും അഡീഷണൽ ലേബർ കമ്മീഷണറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചകൾ പരാജയപ്പെട്ടതിനാൽ 11-11-2021-ന് ലേബർ കമ്മീഷണർ നേരിട്ട് ഇരുവിഭാഗങ്ങളുമായും ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

## IV. റിപ്പോർട്ട് സമർപ്പണം

(1) 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

(2) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

## V. നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ക്ഷീരമേഖലയിലെ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങൾക്ക് ഒരു നിർവ്വചനമുണ്ടാക്കുന്നതിന് കൃത്യമായ വിശദാംശം തയ്യാറാക്കുക, യഥാർത്ഥ ക്ഷീര കർഷകർക്ക് ക്ഷീര സഹകരണ സംഘങ്ങളിൽ അംഗത്വം

ലഭ്യമാക്കുക, ക്ഷീര സഹകരണ സംഘങ്ങൾക്ക് മേഖലാ യൂണിയനുകളിൽ അഫിലിയേഷൻ നൽകുക എന്നിവയാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിച്ചത്. ഭരണ സമിതി അംഗങ്ങൾക്ക് 3 ടേം ഭരണകാലാവധി നിശ്ചയിക്കുക, കടലാസ് സംഘങ്ങളെ ഒഴിവാക്കുക, വനിതകൾക്ക് ഭരണസമിതിയിൽ 50 ശതമാനം പ്രാതിനിധ്യം നൽകുക, മേഖലാ യൂണിയൻ ചെയർമാൻമാർക്ക് 2 ടേം കാലാവധി നിശ്ചയിക്കുകയും പെർഫോമൻസ് ഓഡിറ്റ് നിഷ്കർഷിക്കുകയും ചെയ്യുക, നിയമന സുതാര്യത ഉറപ്പുവരുത്തുന്നതിന് ബോർഡ് രൂപീകരിക്കുക, കേരള ബാങ്ക് രൂപീകരണം തുടങ്ങിയവയാണ് മറ്റ് ഭേദഗതികൾ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന് വിരുദ്ധമായി മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നത് ഭരണഘടനാ വിരുദ്ധമാണ്. സഹകരണ ക്ഷീരോൽപ്പാദന മേഖലകളുടെ ഭരണസമിതികളിലേയ്ക്ക് മത്സരിക്കുന്നതിനുള്ള കാലയളവ് നിജപ്പെടുത്തുന്ന ഭേദഗതിയും രണ്ടു ടേമിൽ കൂടുതൽ തുടർച്ചയായി പ്രസിഡന്റ് അല്ലെങ്കിൽ ചെയർമാൻ പദവി വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ലെന്ന

ഭേദഗതിയും ജനാധിപത്യവിരുദ്ധമാണ്. ആനന്ദ് മാതൃകാ സംവിധാനത്തിനും തത്വങ്ങൾക്കുമെതിരായ നിയമഭേദഗതി ക്ഷീരസംഘങ്ങളും മേഖലാ യൂണിയനുകളും തമ്മിലുള്ള മത്സരങ്ങൾക്കിടയാക്കും. മിൽമയ്ക്ക് കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകളുടെ പ്രവർത്തനപരിധി രണ്ട് ജില്ലകളിലാക്കുന്നത് ദോഷകരമായി ബാധിക്കും. ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിൽ അംഗമായി തുടരുന്നതിനുള്ള യോഗ്യത സംബന്ധിച്ച ബില്ലിലെ വ്യവസ്ഥകൾ പ്രതിഷേധാർഹമാണ്. തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെയും സംസ്ഥാന ഫെഡറേഷന്റെയും ഭരണം പിടിച്ചെടുക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ഉന്നയിച്ച ഭേദഗതി നിർദ്ദേശങ്ങളിന്മേൽ വിശദമായ ചർച്ച നടത്തി ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളണം.

<u>ശ്രീ. സജീവ് ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ കേന്ദ്രനിയമത്തിന് വിരുദ്ധമാണ്. മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്ന നടപടി പ്രതിഷേധാർഹമാണ്. കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം സഹകരണ മേഖലയിൽ നിയമനങ്ങൾ നടത്തുന്നതിനോ മറ്റ് സഹകരണ സംഘങ്ങൾക്ക് അപ്പെക്സ് ബോഡി രൂപീകരിക്കുന്നതിനോ കഴിഞ്ഞിട്ടില്ല.

സഹകരണ മേഖലാ നിയമനങ്ങളിൽ 50 ശതമാനം സംവരണം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം. സഹകരണ തത്വങ്ങൾക്കെതിരായുള്ള ഭേദഗതികൾ റദ്ദാക്കാനും ഈ മേഖലയെ സംരക്ഷിക്കാനും സർക്കാർ തയ്യാറാകണം.

ഡോ. മാത്യു കുഴൽനാടൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതിലൂടെയുള്ള നഷ്ടം നികത്താൻ സംസ്ഥാന ഖജനാവിലെ തുക വിനിയോഗിക്കുന്നത് പ്രതിഷേധാർഹമാണ്. വായ്പകൾ പുതുക്കിയും റീ ഷെഡ്യൂൾ ചെയ്തും ബാങ്കിന്റെ നിഷ്ക്രിയാസ്തി കുറയ്ക്കുന്ന നടപടി അവസാനിപ്പിക്കണം. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽനിന്നും പിന്മാറണം. മാനദണ്ഡപ്രകാരമുള്ള മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാത്തത് ബാങ്ക് രൂപീകരണത്തിലെ പരാജയമാണ്. കേരള ബാങ്ക് രൂപീകരണത്തിനുശേഷം തുടർച്ചയായി മൂന്ന് വർഷമെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉയർന്ന ഡിവിഡന്റ് നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടില്ല. റിസർവ് ബാങ്കിന്റെ ലൈസൻസ് ലഭിക്കുന്നതിനുമുമ്പ് ബാങ്ക് പ്രവർത്തനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചതും ബാങ്ക് രൂപീകരിച്ച് 2 മാസത്തിനകം പ്രവാസി നിക്ഷേപം

സ്വീകരിക്കുന്നതിനുള്ള ലൈസൻസ് ലഭ്യമാകുമെന്ന പ്രഖ്യാപനം നടപ്പാക്കാത്തതും പ്രതിഷേധാർഹമാണ്. സഹകരണ സ്ഥാപനങ്ങളെയെല്ലാം ഒരുപോലെ നിയന്ത്രിക്കാൻ കഴിയുന്ന നിയമനിർമ്മാണമാണ് നടത്തേണ്ടത്.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലപ്പുറം ബാങ്ക്, കേരള ബാങ്കിൽ ലയിക്കുന്നതോടുകൂടി നബാർഡ് ഉൾപ്പെടെയുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ കുറഞ്ഞ പലിശയിനത്തിലുള്ള വായ്പകൾ ലഭ്യമാകുന്നതാണ്. ബാങ്കിംഗ് സംവിധാനത്തേയും സഹകരണ പ്രസ്ഥാനത്തേയും തകർക്കുന്ന കേന്ദ്ര നയത്തിനെതിരെ പ്രതിഷേധിക്കണം. കേരളത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ മാനേജ്മെന്റ് കമ്മിറ്റിയിൽ ഒരാൾ ജീവിതകാലം മുഴുവൻ തുടരാതിരിക്കുക, സ്ത്രീകൾക്ക് പങ്കാളിത്തമുറപ്പാക്കുക, ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിൽ സുതാര്യത ഉറപ്പാക്കുക, സംഘത്തിൽ അംഗത്വം നേടുന്നവർ ക്ഷീരകർഷകർതന്നെയായിരിക്കുക തുടങ്ങിയ ഭേദഗതികളെ സ്വാഗതം

ചെയ്യുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേന്ദ്ര ആക്ടിന് വിരുദ്ധമായൊരു നിയമം പാസ്സാക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ല. റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിയന്ത്രണത്തിൽ സ്വതന്ത്രമായി നിൽക്കാനുള്ള മലപ്പുറം ജില്ലാ ബാങ്ക് ജനറൽ ബോഡി തീരുമാനത്തെ നിയമനിർമ്മാണത്തിലൂടെ എതിർക്കുന്നത് സഹകരണ ജനാധിപത്യത്തെ ഇല്ലാതാക്കുന്നതിന് തുല്യമാണ്. ഭരണഘടനാപരമായ മൗലികാവകാശങ്ങൾ പാലിക്കാതെയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. സഹകരണ മേഖലയിലെ ത്രിതല സംവിധാനത്തിൽനിന്ന് ഒരു തട്ടിനെ ഒഴിവാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. മലപ്പുറത്തെ സഹകാരികൾക്ക് നൽകിവരുന്ന പല ആനുകൂല്യങ്ങളും ലയനത്തോടെ നഷ്ടപ്പെടുമെന്നതിനാൽ അതുമായി ബന്ധപ്പെട്ട ആശങ്ക ചർച്ചയിലൂടെ പരിഹരിക്കണം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. മലപ്പുറം ജില്ലാ

സഹകരണ ബാങ്ക് ലയനവുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ വീണ്ടും ചർച്ച നടത്താവുന്നതാണ്. ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങളിലെ അംഗത്വത്തിന് 120 ദിവസം 90 ലിറ്റർ പാൽ അളന്നിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. യഥാർത്ഥ ക്ഷീരകർഷകരെ അംഗങ്ങളായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ചെയർമാൻ/ വൈസ് ചെയർമാൻ, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് പദവിയിലേയ്ക്ക് വനിതയെ നിയമിക്കുന്നതിനും പെർഫോമൻസ്/സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ നടത്തുന്നതിനും നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ബാങ്കുമായി ബന്ധപ്പെട്ട് സ്റ്റേ ഉത്തരവുകൾ നിലവിലില്ല. കേരളബാങ്ക് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ ഭേദഗതി നിലവിൽ വരുന്നതിനുമുമ്പാണ് സഹകരണ ഭേദഗതി ഓർഡിനൻസ് വന്നത്. കേരള ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനും ആധുനിക ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.വൈ.സി നോംസിൽനിന്നും ജില്ലാ സഹകരണ ബാങ്കുകളെ ഒഴിവാക്കിയിട്ടില്ല. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

147. In section 2(ac) and 2(pa) proposed to be inserted in the principal Act by Clause 2(i) and 2(iii) respectively shall be recast as follows;

(i) " (ac) Anand Pattern Milk Co-operative Society" means a Primary Dairy Co-operative Society, otherwise known as ' Ksheerolpadaka Sahakarana Sangham' , registered on or after the 1st day of January 1980, and functioning as per the model bye-laws of Anand Pattern, with the principal objective of procurement and marketing of milk and milk products and pouring marketable surplus of milk to the Regional Co-operative Milk Producers' Union and for providing inputs to the dairy farmers, within the area of operation of the society;"

(ii) " (pa) " Recruitment Committees" means the

committees constituted under section 80BB of this Act;”

157, 164, 166, 167, 172, 182, 183, 194, 198, 199, 201, 209, 219, 220, 221, 222, 223, 226, 227, 231, 237, 238, 244, 248, 257, 258, 259, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

263, 264, 265, 267, 268, 269, 270, 271, 272 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

278. In the fifth proviso to Section 16(1) proposed to be inserted in the principal Act by Clause 4, shall be recast as follows:

" Provided also that in the case of Anand Pattern Milk Co-operative Societies, no dairy farmers other than those who own one or more milch cows or buffaloes and residing within the area of operation of the society or running dairy farms in their own land or in leased land within the area of operation of the society and pouring milk not less than ninety days within a period of one hundred and twenty days in a year to the society, shall be admitted as members"

279, 280, 283, 285, 289, 290, 296, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

303. Section 16 B(1)(b) and section 16 B(2) proposed to be inserted in the principal Act by Clause 5 is recast as follows:

(i) " (b) is not owning at least one milch cow or buffalo, by rearing them in a cattle shed or in a farm set up either in his/her own land or in a leased land, within the area of coperation of the society.

(ii) (2) Only an active member referred to in sub-section (1) shall be eligible to become a member of the committee of an Anand Pattern Milk Co-operative Society and to continue as a member of such committee."

305, 307, 308, 314, 315, 316, 319, 320, 321, 322, 323, 327, 335, 336, 337 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

338. In Clause 6,

(i) In section 28(6) the words and symbols " Notwithstanding anything contained in this Act or rules made thereunder or bye-laws of a Regional Co-operative Milk Producers' Union," the words and symbols " Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union or in any other law, Judgement or Decree or Orders of any court or Tribunal for the time being in force," shall be substituted.

(ii) Section 28(7) and 28(7)(a) shall be recast as follows:

" (7) Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union or in any other law, judgement or Decree or Orders of any court or Tribunal, for the time being in force, the President of an Anand Pattern Milk Co-operative Society, which is a member of the Regional Co-operative Milk Producers' Union shall be eligible to contest the elections to the committee of the Regional Co-operative Milk Producers' Union and hold office as a member of the committee of the Regional Co-operative Milk Producers' Union, only if the Anand Pattern Milk co-operative Society to which he/she belongs, satisfies the following conditions, namely:-

(a) the society is placed in audit classification A or B, as prescribed, during the last audit conducted; and" .

(iii) In section 28(8) the words and symbol " Notwithstanding anything contained in this Act or rules made thereunder," the

words and symbols " Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union or in any other law, Judgement or Decree or Orders of any court or Tribunal, for the time being in force," shall be substituted.

362, 368, 369, 376, 379, 380, 382, 384, 389, 390, 393, 397

എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

398. In Clause7

(i) In Section 28AB(3) for the words and symbol " Notwithstanding anything contained in this Act or rules made thereunder or the bye-laws of a Regional Co-operative Milk Producers' Union," the words and symbols

" Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative milk Producers' Union or in any other law, Judgement or Decree or Orders of any court or Tribunal, for the time being in force,"

(ii) the words " and its apex society" shall be omitted.

(iii) Section 28AB(4) Shall be recast follows:
" (4) Notwithstanding anything contained in this Act or the rules made thereunder or the bye-laws of an Anand Pattern Milk
Co-operative Society or in any other law, Judgement or Decree or Orders of any court or Tribunal, for the time being in force, either the President or the Vice President of Anand Pattern Milk Co-operative Societies shall be women members"

399, 404, 406, 411 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

417. In section 64(13) proposed to be inserted in the principal Act, by Clause 8 the following sub-section may be substituted, namely:-

" (13) Notwithstanding anything contained in this Act or the rules made thereunder or the bye-laws of a Regional Co-operative Milk Producers' Union and apex Society, Annual Performance audit in Regional co-operative milk Producers' Union and its apex Society shall be conducted for every financial year, in the prescribed manner, by engaging person/s from among the panel of experienced person/s in dairy industry, recommended by the apex society and approved by the Functional registrar of Dairy Co-operatives."

418, 423, 425 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒൻപതാം വകുപ്പ്

445, 446, 452, 457, 459, 464 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

465. In Clause 10,

(i) In section 80BB(2) for the words and symbols " as follows,-" , the words and symbols " as follows, namely:-" shall be substituted.

(ii) Items (iii) and (iv) under section 80BB shall be recast as follows:

" (iii) Joint Director(General), Dairy Development Department or Joint Secretary to Government, Dairy Development Department, Government of Kerala;

(iv) An expert from Diary Industry, dominated by the Government;"

(iii) In section 80BB(3), for the words " the Southern Regional Head of the National Dairy Development Board" , the words " or an expert from Dairy Industry, nominated by the Government." shall be substituted.

466, 467, 468, 481, 489, 494 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

495-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു:

111. In the short title the word “ SECOND” shall be deleted.

133. In Clause 1, the word " Second" shall be deleted.

112, 116, 118, 121, 125, 126, 131, 132, 134, 135, 137, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## (ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സാമ്പത്തിക പ്രതിസന്ധികാരണം ക്ഷേത്രങ്ങളിൽ അറ്റകുറ്റപ്പണികളോ പൂജകളോ യഥാസമയം നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണവും കുടിശ്ശിക ക്ഷാമബത്തയും അനുവദിക്കാനും ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായുള്ള ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർനിർണ്ണയം ഒഴിവാക്കാനും വരുമാനം കുറഞ്ഞ ക്ഷേത്ര ജീവനക്കാർക്ക് ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള കുടിശ്ശിക ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം പരിഷ്കരണ ബിൽ നിയമമാക്കാനും വിരമിച്ച ക്ഷേത്ര ജീവനക്കാർക്ക് സർക്കാർ നിരക്കിൽ

പെൻഷനും ഗ്രാറ്റുവിറ്റിയും നൽകാനും തയ്യാറാകണം.

ശ്രീ. സനീഷ് കുമാർ ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പിൻവാതിൽ നിയമനം നിർബാധം തുടരുകയാണ്. വിരമിച്ച ക്ഷേത്രജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനും ശമ്പള പരിഷ്കരണം നടപ്പിലാക്കാനും ജീർണ്ണോദ്ധാരണ ഗ്രാന്റ് പുനസ്ഥാപിക്കാനും നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം നിയമ പരിഷ്കരണത്തിൽ കോമൺ സ്കീമും പൊതുഫണ്ടും ഉൾപ്പെടുത്തണം. ശബരിമലയിൽ ഭക്തജനപ്രവേശനത്തിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണവും അശാസ്ത്രീയ വെർച്വൽ ക്യൂവും പിൻവലിക്കാനും ചാലക്കുടി ചിറങ്ങരയിൽ ഇടത്താവള നിർമ്മാണം ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി ശാന്തകുമാരി കെ. ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. രാജഗോപാലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ വേഗത്തിലും സുതാര്യവുമായി നടത്തുന്നതിന് റിക്രൂട്ട്മെന്റ് മാനേജ്മെന്റ്

സോഫ്റ്റ്‌വെയർ വികസിപ്പിച്ച് അഞ്ച് ദേവസ്വം ബോർഡുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചതും വിവിധ തസ്തികകളിലെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയതും അഭിനന്ദനാർഹമാണ്. ദേവസ്വം നിയമനങ്ങളിൽ പട്ടികജാതിക്കാർക്കും പിന്നാക്ക വിഭാഗങ്ങൾക്കും സംവരണമേർപ്പെടുത്തിയും ചരിത്രത്തിലാദ്യമായി എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ ക്ഷേത്രം ശാന്തിക്കാരായി നിയമിക്കുകയും ചെയ്ത് വിപ്ലവകരമായ സാമൂഹ്യ ഇടപെടൽ നടത്തിയ ഇടതുപക്ഷ സർക്കാരിന്റെ നടപടി മാതൃകാപരമാണ്.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2016-ൽ ഇടതുപക്ഷ സർക്കാർ നിയോഗിച്ച റിക്രൂട്ട്മെന്റ് ബോർഡ് ചുമതലയേറ്റശേഷമാണ് അവർണ്ണ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ക്ഷേത്രങ്ങളിൽ ശാന്തിക്കാരാകാനും മറ്റ് പ്രധാന തസ്തികകളിൽ നിയമനം ലഭിക്കുന്നതിനും അവസരം ലഭിച്ചത്. ദേവസ്വം റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട നിയമനങ്ങൾ നടത്താൻ സാധിക്കാത്ത മലബാർ ദേവസ്വം ബോർഡിനെ

ശക്തിപ്പെടുത്തുന്നതിന് നിയമനിർമ്മാണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. കോലധാരികളും ആചാരസ്ഥാനികരും കഴകക്കാരും ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാരെ സഹായിക്കുന്നതിനും മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻകയ്യെടുക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അർഹതപ്പെട്ട സാമുദായിക റിസർവേഷൻ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങളിൽ നൽകിവരുന്നു. ബോർഡിലെ അംഗങ്ങൾക്ക് പുനർനിയമനം നൽകേണ്ടത് അനിവാര്യമായതിനാലാണ് നിയമഭേദഗതി കൊണ്ടുവന്നത്. വിശ്വാസങ്ങൾക്കോ ആചാരാനുഷ്ഠാനങ്ങൾക്കോ കോട്ടംതട്ടുന്ന രീതിയിലുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനും ദേവസ്വം ജീവനക്കാർക്ക് ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ എത്രയുംവേഗം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ട്. ദേവസ്വം ബോർഡുകൾക്കായി 217 കോടി രൂപയോളം സർക്കാർ അനുവദിച്ചിട്ടുണ്ട്. ശബരിമല മണ്ഡല-മകരവിളക്ക്

മഹോത്സവം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിവിധ പദ്ധതികൾ നടന്നുവരുന്നു. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

156, 159, 160, 161, 162, 163, 164, 170, 172, 191, 193, 207, 211, 212, 214, 215, 217, 223 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

159. ഖണ്ഡം 2-ൽ 5(1)-ൽ "ആക്ട്" എന്ന് വരുന്നിടത്തെല്ലാം "ആക്റ്റ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

226-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

226. ഖണ്ഡം 3(2)-ൽ "ആക്ട് " എന്നതിനുപകരം "ആക്റ്റ് " എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

111, 117, 120, 121, 129, 134, 135, 136, 139, 141, 142, 143, 148, 151, 152 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു:

111. ദീർഘശീർഷകത്തിൽ "ആക്ട്" എന്നതിനുപകരം "ആക്റ്റ്" എന്ന് ചേർക്കുക.

120. പീഠികയിൽ "ആക്ട്" എന്നതിനുപകരം "ആക്റ്റ്" എന്ന് ചേർക്കുക.

141. ഖണ്ഡം 1(1)-ൽ "ആക്ട്" എന്നതിനുപകരം "ആക്റ്റ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 3.21-ന് പിരിഞ്ഞു.

* * * * *